ല ൂ ക്ക ാ 2 1 : 2 0 – 2 8

**024 ഒക്ടോബർ 20**

# വചനഭാഷ്യം

**ഫാ. സോണി മഞ്ഞളി**

# ജറുസലെമിന്റെ പതനവും

മനുഷ്യപുത്രന്റെ ആഗമനവും

ജറുസലെം ദേവാലയത്തിൽ യേശു പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ നടത്തുന്ന യുഗാന്ത്യ പ്രഭാഷണമാണ് ഇന്നത്തെ സുവിശേഷം. ലൂക്കായുടെ സുവിശേഷത്തില ജറുസലെമിലേക്കുള്ള യാത്രയ്ക്കുശേഷം (ലൂക്കാ 9:51––19–46) ജറുസലെമിലെ ശുശ്രൂഷയുടെ സമയത്താണ് (ലൂക്കാ 19:47 –21:38) യേശു ഈ യുഗാന്ത്യപ്രഭാഷണം നടത്തുന്നത്. ജറുസലെമിന്റെ നാശവും മനുഷ്യപുത്രന്റെ ആഗമനവുമാണ് ഇതിലെ വിഷയങ്ങൾ.

യുഗാന്ത്യ പ്രഭാഷണത്തിന് ചരിത്രപരവും 'അപ്പോക്കാലിപ്റ്റിക്' പരവുമായ പശ്ചാത്തലമുണ്ട്. നടന്നു കഴിഞ്ഞ പല സംഭവങ്ങളും ഈ പ്രഭാഷണത്തിൽ പരാമർശിക്കപ്പെടുന്നുണ്ട്. എ ഡി 70–ൽ നടന്ന ജറുസലെമിന്റെ നാശം ഇതിനുദാഹരണമാണ്. ഈ യുഗാന്ത്യപ്രഭാഷണം നമ്മുടെ അറിവിൽപ്പെട്ട യാഥാർത്ഥ്യത്തിനും സമയത്തിനും അതീതമായ ഒരു ഭാവിയെക്കൂടി പരാമർശിക്കുന്നുണ്ട്. 'ലോകാവസാനം' എന്ന ശൈലികൊണ്ടുദ്ദേശിക്കുന്നത് ചരിത്രം അതിന്റെ ലക്ഷ്യത്തിലെത്തി എന്നാണ്. അവസാന കാലത്തെക്കുറിച്ച് അഥവാ ചരിത്രത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് യേശു നല്കുന്ന പൊതുവായ വിവരങ്ങളും ഉപദേശങ്ങളുമാണ് ഈ യുഗാന്ത്യപ്രഭാഷണത്തിലുള്ളത്.

വിജാതീയ ആക്രമണവും ഭരണവും ഇസ്രായേലിന്റ നാടുകടത്തലും ഇസ്രായേലിന്റെ അവിശ്വസ്തതയ്ക്ക് ശിക്ഷയാണെന്നും കർത്താവു തന്റെ കരുണകൊണ്ട് ഇസ്രായേൽ ജനത്തെ വീണ്ടും തിരികെ കൊണ്ടുവരുമെന്നുമെല്ലാം പഴയനിയമ പ്രവാചകന്മാർ പ്രവചിച്ചിട്ടുണ്ട് (തോബിത് 1:10, ഏശ. 3:25, ജറെ. 14:2, ദാനി. 8:10, സഖ. 12:3). ഇസ്രയേലിൽ ജനത്തിന്റെ അനുഭവവും പ്രവാചകന്മാരുടെ ചിന്തയും ദൈവികപദ്ധതിയിൽ ഇസ്രായേലിനും വിജാതീയർക്കുമുള്ള സ്ഥാനവും യേശുമിശിഹായിൽ ദൈവം പുനരുദ്ധിച്ച് പൂർത്തിയാക്കാനിരിക്കുന്ന ദർശനത്തെക്കുറിച്ചാണ് ഈ സുവിശേഷഭാഗം വ്യക്തമാക്കുന്നത്. വിജാതീയരെ ദൈവികപദ്ധതിയിൽ ഉൾപ്പെടുത്തുകയെന്നത് ദൈവനിശ്ചയമാണ്. ജറുസലെമിന്റെ നാശം അതിന്റെ കുറ്റത്തിനുള്ള ശിക്ഷയാണ്. അതേ സമയം അത് വളരെ വിശാലമായൊരു ദൈവികപദ്ധതിയുടെ ഭാഗവുമാണ്. ഇസ്രായേലിലും വിജാതീയരിലും അനുതപിക്കുന്നവരെ ഉൾപ്പെടുത്തി ദൈവം പദ്ധതി പൂർത്തീകരിക്കും. വിജാതീയരുടെ സമയം എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധേയമാണ്. സകല മനുഷ്യർക്കും ദൈവത്തിന്റെ രക്ഷ കാണാമെന്ന ദൈവഹിതത്തിന്റെ ആവിഷ്ക്കരണമാണിത്. സകല ജനതകളോടും സുവിശേഷം പ്രസംഗിക്കുന്നതിന് നമ്മെ ഇത് പ്രേരിപ്പിക്കുന്നു. സുവിശേഷം സകല ജനങ്ങളോടും ജനതകളോടും പ്രഘോഷിക്കപ്പെട്ടതിനുശേഷമേ സമയത്തിന്റെ അവസാനമാകൂ. സഭയുടെ ദൗത്യം ഇന്ന് സകല ജനതകളോടും സുവിശേഷം അറിയിക്കുകയെന്നതാണ്. നവസുവിശേഷവത്കരണത്തന്റെ ആഹ്വാനമാണ് ഈ സുവിശേഷഭാഗം.

മനുഷ്യപുത്രൻ വരുമ്പോൾ ശിഷ്യർക്ക് ശിരസ്സുയർത്തി നില്ക്കാമെന്ന് നാം ഇവിടെ വായിക്കുന്നു. യേശുവിലൂടെയുള്ള ദൈവത്തിന്റെ സന്ദർശനത്തിന്റെ ഉദ്ദേശ്യം തന്റെ ജനത്തിന്റെ വീണ്ടെടുപ്പാണ്. ഈ വീണ്ടെടുപ്പ് ശിഷ്യർക്കു നല്കുന്ന വലയ ധൈര്യമുണ്ട്. കർത്താവിന്റെ പുനരാഗമനത്തിന്റെ അടയാളങ്ങളാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. ശിഷ്യർക്ക് ശിരസ്സുയർത്തി നിൽക്കാൻ സാധിക്കുന്നത് തങ്ങളുടെ വീണ്ടെടുപ്പ് അടുത്തെത്തിയതുകൊണ്ടാണ്.

ക്രിസ്തുവിന്റെ അനുയായികൾ സഹിക്കേണ്ടി വരുന്ന ക്ലേശങ്ങൾ നമുക്ക് പ്രത്യാശ നല്കുന്നുണ്ട്. കാരണം തന്റെ നാമത്തെ പ്രതി ലോകം മുഴുവൻ നിങ്ങളെ വെറുക്കുകയും പീഡിപ്പിക്കുകയും ചെയ്യുമെന്ന് നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ യേശു മുന്നറിയപ്പു നല്കിയിട്ടുണ്ട്. അതിനാൽ ഈശോ അറിയാതെയാണ് ഇവയൊക്കെ നടക്കുന്നതെന്ന് നാം വിഷമിക്കേണ്ടതില്ല, മറിച്ച് സഹനത്തിന്റെയും പീഡനങ്ങളുടെയും നടുവിൽ ക്രിസ്തുവിന് ധീരമായി നാം സാക്ഷ്യം വഹിക്കണം. ജീവിതാവസാനം വരെ ക്രിസ്തുവിന് സാക്ഷ്യം വഹിച്ചുകൊണ്ടുള്ള ഒരു ജീവിതം നയിക്കാൻ പ്രാപ്തരാക്കണമെ എന്നതാകട്ടെ നമ്മടെ പ്രാർത്ഥന. നമുക്ക് തലയുയർത്തി ധൈര്യത്തോടെ നിന്ന് ക്രിസ്തുവിന് സാക്ഷ്യം വഹിക്കാം.

എ